**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടക്കൻ പറവൂർ നഗരസഭയുടെ ഡെവലപ്പ് മെന്റ് പ്ലാൻ മരവിപ്പിച്ച നടപടി പിൻവലിച്ചുകൊണ്ടും, കണ്ണൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് അനുമതി നല്കി കൊണ്ടും പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്)നം. 38/16/തസ്വഭവ. തിരുവനന്തപുരം,തീയതി: 19/02/16

==========================================================

പരാമർശം:- 12-2-16 സ.ഉ(എം.എസ്) നം.33/16/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

വടക്കൻ പറവൂർ നഗരസഭയുടെ ഡെവലപ്പ് മെന്റ് പ്ലാൻ മരവിപ്പിച്ച നടപടി പിൻവലിച്ചുകൊണ്ടും, കണ്ണൂർ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് കണ്ണൂർ നഗരസഭയ്ക്ക് അനുമതി നല്കി കൊണ്ടും പരാമർശം ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ 3-2-16-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ മരവിപ്പിച്ചിരിക്കുന്ന തിരുവനന്തപുരം കരട് മാസ്റ്റർ പ്ലാനിലും, നിലവിലുള്ള കണ്ണൂർ നഗരസഭ കരട് മാസ്റ്റർ പ്ലാനിലും പ്രസിദ്ധീകരിച്ച പ്രകാരം വാസഗൃഹങ്ങൾ, വ്യവസായ വാണിജ്യ നിർമ്മാണങ്ങൾ അനുവദനീയമായ മറ്റ് പദ്ധതികൾ തുടങ്ങിയവയ്ക്ക് ഭൂവിനിയോഗം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇതിനാൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

**എ.പി.എം.മുഹമ്മദ് ഹനീഷ്,**

സെക്രട്ടറി (നഗരകാര്യം)

1. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. സെക്രട്ടറി, വടക്കൻ പറവൂർ നഗരസഭ.
4. സെക്രട്ടറി, കണ്ണൂർ നഗരസഭ.
5. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുനനതിന്).
6. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ